Prot.No.MPL : 52/17/19

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

മംഗലവാർത്താക്കാലം ആരംഭിച്ചു കഴിഞ്ഞു. ഈശോയുടെ തിരുപ്പിറവിക്ക് ആത്മീയമായും മാനസികമായും ഒരുങ്ങാനുള്ള ദൈവകൃപ നിറഞ്ഞ കാലം. പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും നോമ്പിന്റെയും ഉപവാസത്തിന്റെയും ചൈതന്യത്തിൽ നമുക്ക് ഈ ദിവസങ്ങൾ ക്രിസ്മസിനായി ഒരുങ്ങാം. എല്ലാവർക്കും ക്രിസ്മസ് മംഗളങ്ങൾ! പുൽക്കൂട്ടിൽ മാത്രമല്ല, നമ്മുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലും ഉണ്ണീശോ പിറക്കാൻ ഇടവരട്ടെ.

''ഇതാ, സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.'' (ലൂക്ക 2:10–12). അതേ, പ്രിയപ്പെട്ടവരേ, ഇന്നും ഇതിനുതന്നെയാണ് ദൈവം നമ്മെ ക്ഷണിക്കുന്നത്: ഈശോയെ കണ്ടുമുട്ടാൻ! ഈശോയെ നമ്മുടെ ജീവിതത്തിൽ നിരന്തരം കണ്ടുമുട്ടാനും ഈശോയുടെ സ്നേഹത്തിന്റെ സുവിശേഷമാധുരി അനുസ്യൂതം അനുഭവിക്കാനും ഈശോയുടെ സൗഹൃദവലയത്തിലേക്ക് മറ്റുള്ളവരെ സ്വീകരിക്കാനുമുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് ഓരോ ക്രിസ്മസും നമുക്ക് നല്കുന്നത്. ഈ ക്രിസ്മസ് ഒരിക്കൽ കൂടി അത്യുന്നതങ്ങളിൽ ദൈവമഹത്വത്തിനും ഭൂമിയിൽ മനുഷ്യസമാധാനത്തിനും കാരണമാകട്ടെ എന്നു പ്രാർത്ഥിക്കാം.

ക്രിസ്മസ് അവസരത്തിൽ കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി നമ്മുടെ ത്യാഗത്തിന്റെ ഫലമായി നമ്മുടെ രൂപത ഉണ്ണീശോയ്ക്ക് ഒരു സമ്മാനം നല്കുന്ന പതിവുണ്ടല്ലോ. ഇക്കൊല്ലം ''ഉണ്ണീശോയ്ക്കൊരഭയം'' നല്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. ആരോരുമില്ലാതെ, അന്തിയുറങ്ങാൻ അഭയമില്ലാതെ, കഴിയുന്ന അനേകായിരങ്ങൾ കേരളത്തിലുണ്ടല്ലോ. അങ്ങനെയുള്ളവർക്ക് അഭയം നല്കുന്ന നിരവധി സ്ഥാപനങ്ങളുമുണ്ട്. ഇവയിൽ നമ്മുടെ ഔദാര്യം പ്രത്യേകമായി

അർഹിക്കുന്ന ''ദൈവദാൻ'' സ്ഥാപനങ്ങളെ നിങ്ങൾക്കു പരിചയപ്പെടുത്താൻ എനിക്ക് ഏറെ സന്തോഷമുണ്ട്

പാലാ രൂപതയിലെ വൈദികനായിരുന്ന അബ്രഹം കൈപ്പൻപ്ലാക്കലച്ചനെ നിങ്ങളിൽ പലർക്കും പരിചയം കാണും. പുണ്യശ്ലോകനായ അദ്ദേഹം അനേകായിരങ്ങൾക്ക് അഭയം നല്കിക്കൊണ്ടിരിക്കേ 2014ൽ നൂറാമത്തെ വയസിലാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. കൈപ്പൻപ്ലാക്കലച്ചൻ 1998ൽ മലയാറ്റൂരിൽ സ്ഥാപിച്ചതാണ് ''ദൈവദാൻ'' സന്യാസിനീ സമൂഹം. ഈ കൊച്ചു സമൂഹത്തിൽ ഇരുപത്തിമൂന്ന് സഹോദരിമാരാണുള്ളത്. മലയാറ്റൂർ, കാഞ്ഞൂർ,വടക്കഞ്ചേരി, കോളയാട്, തങ്കമണി പ്രദേശങ്ങളിൽ ''ദൈവദാൻ'' സ്ഥാപനങ്ങളിൽ 800–ൽ കൂടുതൽ നിരാലംബർ അഭയവും ശുശ്രൂഷയും സ്വീകരിച്ചു വരുന്നു. ഇക്കൊല്ലത്തെ നമ്മുടെ ക്രിസ്മസ് സമ്മാനമായി ''ഉണ്ണീശോയ്ക്കരഭയം'' ''ദൈവദാൻ'' വഴി പാവപ്പെട്ടവർക്ക് നല്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

മംഗലവാർത്താകാലത്തെ പരിത്യാഗത്തിന്റെ ഫലമായി സ്വരൂപിച്ച സംഖ്യ ക്രിസ്മസ് കുർബാനയ്ക്കു വരുമ്പോൾ ഈ നിയോഗത്തിനായി സംഭാവന ചെയ്യാൻ ശ്രമിക്കുമല്ലോ. ഈശോയുടെ നാമത്തിൽ പാവപ്പെട്ടവരെ സഹായിക്കാൻ നമ്മുടെ കുഞ്ഞുമക്കളെ പ്രോത്സാഹിപ്പിക്കാൻ ഇത് നല്ലൊരവസരമാണ്.

ബഹുമാനപ്പെട്ട അച്ചന്മാർ ഇക്കാര്യം വിശ്വാസസമൂഹത്തെ അറിയിക്കുകയും ഓർമ്മപ്പെടുത്തുകയും ക്രിസ്മസ് കുർബാനക്ക് പിരിഞ്ഞു കിട്ടുന്ന തുക തക്കസമയത്ത് രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ. നിങ്ങളുടെ ഔദാര്യത്തിന് ഉണ്ണീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ!

കഴിഞ്ഞ ക്രിസ്മസ് അവസരത്തിൽ ''ഉണ്ണീശോയ്ക്കൊരൂണിന്'' സംഭാവനയായി ലഭിച്ച $43,846.95 (21,44,000 രൂപ) നമ്മുടെ രൂപതയുടെ പേരിൽ ഞാൻ തന്നെ ശ്രീ പി.വി. തോമസിന്റെ നവജീവൻ ട്രസ്റ്റിന് കൈമാറിയ വിവരം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. നിങ്ങളുടെ ഔദാര്യത്തിന് നന്ദി. ഈ ക്രിസ്മസ് അവസരത്തിലും നിങ്ങളുടെ നല്ല മനസ്സിനായി ഉണ്ണീശോ കാത്തിരിക്കുന്നു.

പ്രിയ സഹോദരീ സഹോദരന്മാരേ, ഈ അവസരത്തിൽ മറ്റൊരു ഗൗരവമായൊരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.നമ്മെ ഔദാര്യപൂർവ്വം സ്വീകരിക്കുന്ന, നമ്മുടെ സ്വന്തമെന്നോണം നാം ജീവിക്കുന്ന ഓസ്ട്രേലിയൻ സമൂഹം ഒട്ടേറെ പ്രക്ഷുപ്തമായ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് നമുക്കറിയാമല്ലോ. ഇന്നിവടെ നില്ക്കുന്ന രാഷ്ട്രീയ അനിശ്ചതങ്ങളും സ്വവർഗ്ഗ വിവാഹങ്ങളെപ്പെറ്റിയുള്ള വിവാദങ്ങളും ദയാവധം എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന Euthanasia യെക്കുറിച്ചുള്ള പുതിയ നിയമ നിർമ്മാണങ്ങളും റോയൽ കമ്മീഷൻ

അന്വേഷണറിപ്പോർട്ടും നമ്മുടെ വിശ്വാസ സമൂഹത്തെയും വ്യക്തിജീവിതത്തെയും സാരമായി സ്വാധീനിക്കാൻ സാധ്യതയുള്ളതാണ്. ഈ വിഷയങ്ങളെപ്പറ്റി വസ്തുനിഷ്ഠമായ ക്രൈസ്തവ കാഴ്ചപ്പാട് നമുക്കുണ്ടായിരിക്കുമല്ലോ. മുതിർന്ന തലമുറയേക്കാൾ ഇക്കാര്യങ്ങൾ ആഴമായി സ്വാധീനിക്കാൻ സാധ്യതയുള്ള നമ്മുടെ മക്കളുമായി ആരോഗ്യപരമായ ചർച്ച പ്രാർത്ഥനപൂർവ്വം നമ്മുടെ കുടുംബങ്ങളിൽ നടത്താൻ മാതാപിതാക്കളെ ഞാൻ ക്ഷണിക്കുന്നു. ക്രൈസ്തവവിശ്വാസത്തിലും ധാർമ്മികമൂല്യങ്ങളിലും അധിഷ്ഠിതമായ കുടുംബജീവിതം നയിക്കാനും അത്തരത്തിലുള്ള സമൂഹ നിർമ്മിതിയിൽ സജീവമായി പങ്കുകാരാകാനും നമുക്ക് കടമയുണ്ട്. ഈ രംഗങ്ങളിൽ സഭാ സമൂഹത്തിൽ സംഭവിച്ചിട്ടുള്ള നീതികരിക്കാൻ പറ്റാത്ത കുറവുകൾക്ക് നമുക്ക് മാപ്പപേക്ഷിക്കാം. ദൈവകൃപക്കായി പ്രാർത്ഥിക്കാം.

അവസാനമായി നന്ദിയുടെ ഒരു വാക്ക്. നവംബർ മാസത്തിൽ നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ ഏഴു നഗരങ്ങളിലായി നടന്ന റെക്സ്ബാൻഡിന്റെ ഓസ്ട്രേലിയൻ ടൂർ വലിയ വിജയമായിരുന്നല്ലോ. പല ഓസ്ട്രേലിയൻ മെത്രാന്മാരും അഭിനന്ദനങ്ങളോടെ എന്നെ ഇക്കാര്യം അറിയിക്കുകയുണ്ടായി. വിശ്വാസ പ്രഘോഷണത്തിനും ഈശോയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിനും നമ്മുടെ വിശ്വാസസമൂഹങ്ങളെ ശക്തീകരിക്കുന്നതിനും ഇതു വളരെ ഉപകരിച്ചു, ഇതിനു നേതൃത്വം നല്കിയ അച്ചന്മാരെയും അത്മായ സുഹൃത്തുക്കളെയും ഉപകാരികളെയും സഹകരിച്ച എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ക്രിസ്മസ് ആശംസയോടെ,

സസ്നേഹം

**+ബോസ്കോ പിതാവ്** 2017 ഡിസംബർ 3

NB:ഈ ഇടയലേഖനം 2017 ഡിസംബർ 10-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.